## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 26 — 28/05/2019-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ തണ്ടർ - വിജിലൻസ് പരിശോധന

| ചോദ്യം<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.എൽദോ എബ്രഹാം | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| **(എ)** സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **എ)** നടത്തിയിട്ടുണ്ട്. 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ സംസ്ഥാന വ്യാപകമായി 19 പോലീസ് ജില്ലകളിലെ 54 പോലീസ് സ്റ്റേഷനുകളിൽ 22/01/2019-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി വിവധ തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| **(ബി)** സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ സുരക്ഷിതമായും കൃത്യമായും കൈകാര്യം ചെയ്യുന്നില്ലെന്ന ആരോപണങ്ങൾ ശരിവയ്ക്കുന്ന തരത്തിലാണോ പരിശോധനയിലെ കണ്ടെത്തലുകൾ എന്ന് അറിയിക്കാമോ; | **ബി)** പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ കൃത്യമായി രേഖപ്പെടുത്തി നടപടികൾ സ്വീകരിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ 27/8/2012 തിയതിയിലെ 23/2012 നമ്പർ സർക്കുലർ പാലിക്കാതെ സംസ്ഥാനത്തെ ചില പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന മുഴുവൻ പരാതികളും രേഖപ്പെടുത്താതെയും എല്ലാ പരാതിക്കാർക്കും രസീത് നൽകാതെയുമിരിക്കുന്നതായി മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| **(സി)** ഓപ്പറേഷൻ തണ്ടർ റെയ്ഡിൽ കണ്ടെത്തിയ നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; ക്രിമിനൽ ഗുണ്ടാമാഫിയാ സംഘങ്ങളുമായി പോലീസ് ഒത്തുകളിക്കുന്നത് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | **സി)** ഓപ്പറേഷൻ തണ്ടർ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ നിയമ ലംഘനങ്ങൾ, ക്രമക്കേടുകൾ, തുടങ്ങിയവ തടയുന്നതിനായി വിജിലൻസ് നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിൽ കൈക്കൊള്ളേണ്ടതായ നാല് നിർദ്ദേശങ്ങൾ ആഭ്യന്തര വകുപ്പിന് നൽകിയിരുന്നു. അത് ചുവടെ ചേർക്കുന്ന പ്രകാരമാണ്.<br>1) പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന എല്ലാ പരാതികൾക്കും പരാതി ലഭിച്ചാലുടൻ തന്നെ കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. എല്ലാ പരാതി വിവരങ്ങളും ബന്ധപ്പെട്ട രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പരാതിയിൽ സ്വീകരിച്ച നടപടി വിവരം സമയബന്ധിതമായിത്തന്നെ പരാതിക്കാരൻ/ പരാതിക്കാരിയെ അറിയിക്കേണ്ടതണ്.<br>2) എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും, |

| | |
|---|---|
| | ഡ്യൂട്ടിയിലുള്ളവർ കൈവശമുള്ള തുക കൃത്യമായും, വ്യക്തമായും രേഖപ്പെടുത്തേണ്ടതുമാണ്.<br>3) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ, മറ്റ് വസ്തുക്കൾ എന്നിവയെല്ലാം വ്യക്തമായും കൃത്യമായും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അവ ഫൈൻ വസൂലാക്കി വിട്ടുനൽകുക/ നിലവിലെ നിയമമനുസരിച്ചുള്ള ഡിസ്പോസൽ എന്നിവ സമയബന്ധിതമായി ചെയ്യേണ്ടതാണ്.<br>4) കോടതികളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.<br>അതോടൊപ്പം, മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് അവയുടെ തീവ്രതയനുസരിച്ച് ബന്ധപ്പെട്ട പോലീസ് ഓഫീസർമാരിൽ നിന്നും വിശദീകരണം വാങ്ങി അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട എസ്.പി/കമ്മീഷണർ എന്നിവർക്ക് കർശന നിർദ്ദേശം നൽകാൻ ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതേത്തുടർന്ന്, ബന്ധപ്പെട്ട ഓഫീസർമാരിൽ നിന്ന് വിശദീകരണം വാങ്ങി അഭിപ്രായം സഹിതം സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| **(ഡി)** പോലീസ് സ്റ്റേഷനുകളിൽ കഞ്ചാവും പണവും പൊന്നും അനധികൃതമായി സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | **ഡി)** കണ്ടെത്തിയിട്ടുണ്ട്. |
| **(ഇ)** കേസോ രേഖയോ ഇല്ലാതെ സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നശിക്കാതിരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | **ഇ)** സംസ്ഥാന പോലീസ് മേധാവിയുടെ 03/08/2013 തീയ്യതിയിലെ 23/2013-ാം നമ്പർ സർക്കുലറിന് വിപരീതമായി ചില പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങൾ തരംതിരിച്ച് സൂക്ഷിക്കാതെയും രേഖകളിൽ പെടുത്താതെയും സൂക്ഷിക്കുന്നതായി കണ്ടെത്തി യിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(എഫ്)** കേസന്വേഷണങ്ങളിൽ ധന, ജാതി, മത, സാമുദായിക പരിഗണനകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **എഫ്)** കേസ് അന്വേഷണങ്ങളിൽ ധന, ജാതി, മത, സാമുദായിക പരിഗണനകൾ നൽകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| **(ജി)** സ്റ്റേഷനുകളിൽ പരാതി രജിസ്റ്റർ ചെയ്യുന്നുണ്ടോ യെന്നും കൈപ്പറ്റ് രസീത് നല്കുന്നുണ്ടോയെന്നും പരാതികൾ കൃത്യമായും സുരക്ഷിതമായും സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | **ജി)** ആയത് പരിഹരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.